പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5675** **27/10/2011-ൽ മറുപടിക്ക്.**

## തൊഴിലാളി ക്ഷേമനിധിബോർഡുകൾ കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ<br>'' ജെയിംസ് മാത്യു<br>'' കെ.കെ. ലതിക<br>'' പി.റ്റി. എ. റഹീം | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) തൊഴിലാളിക്ഷേമനിധി ബോർഡുകൾ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിഗണിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (എ) സംസ്ഥാനത്തെ ക്ഷേമനിധികളിൽ അംഗങ്ങളായിട്ടുള്ള എല്ലാപേർക്കും ബയോ മെട്രിക്ക് കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അംഗങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ഡിജിറ്റലൈസ് ചെയ്ത് വരികയാണ്. ക്ഷേമനിധി ബോർഡു കളിലെ ദ്വയാംഗത്വം കണ്ടെത്തുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കെൽട്രോൺ സഹായത്തോടെ ഒരു സോഫ്റ്റ് വെയർ ഡെവലപ്പ് ചെയ്ത് വരികയാണ്. ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്ക് ക്രെഡിറ്റ് സ്ലിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ ക്ഷേമനിധി ബോർഡുകളിലെ കമ്പ്യൂട്ടർവത്ക്കരണം പൂർണ്ണമാകുന്നതോടുകൂടി പെൻഷൻ വിതരണവും മറ്റ് ആനുകൂല്യങ്ങളും ബാങ്ക് വഴി ആക്കുവാനും തൊഴിലുടമകൾക്ക് അംശദായവും മറ്റും ഇ-ഫയലിംഗ് വഴി നടത്തുവാൻ കഴിയുന്നതും ഇടപാടുകളിൽ കൂടുതൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കാൻ കഴിയുന്നതുമാണ്.<br><br>കൂടാതെ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് മാർഗ്ഗരേഖ തയ്യാറാക്കുന്നതിനായുള്ള ശ്രീനിവാസൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ പരിശോധിച്ചു വരുന്നു. |

(ബി) സാമ്പത്തികമായി സ്വയം പര്യാപ്ത മല്ലാത്ത ക്ഷേമനിധികൾ ഏതൊക്കെ യാണ്;

(ബി) സംസ്ഥാനത്ത് നിലവിലുള്ള 15 ക്ഷേമനിധി ബോർഡുകളിൽ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ക്ഷേമനിധി ബോർഡുകൾ ഒഴികെ മറ്റെല്ലാ ബോർഡുകളും തന്നെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവയാണ്.

(സി) ക്ഷേമനിധികളുടെ ഫണ്ട് വിനിയോ ഗവും ഡെപ്പോസിറ്റും സംബന്ധിച്ച് പുതു തായി എന്തെങ്കിലും തീരുമാനം എടുത്തി ട്ടുണ്ടോ; വിശദമാക്കാമോ?

(സി) ക്ഷേമനിധികളുടെ ഫണ്ട് ഡിപ്പോസിറ്റ് ചെയ്യുന്ന കാര്യം പരിശോധിച്ച് മാർഗ്ഗരേഖകൾ ഉണ്ടാക്കുന്നതിന് ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ